# വികസനം വഴിമുട്ടിയ കേരളം

320.954
VIK

സി.പി.ഐ.(എം) കേരള സംസ്ഥാനകമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 0.75 രൂപ

J1037

DC Library & Research Centre

# വികസനം വഴിമുട്ടിയ കേരളം

യശഃശരീരനായ തോപ്പിൽ ഭാസി 1950 കളുടെ അന്ത്യത്തിലെഴുതി കെ പി എ സി അവതരിപ്പിച്ച വിശ്രുത നാടകമാണ് "മുടിയനായ പുത്രൻ". അതിലൊരു കഥാപാത്രമുണ്ട്: ശാസ്ത്രികൾ. പഞ്ചവത്സര പദ്ധതിയെക്കുറിച്ച് നെഹ്റുവിന്റെയും മറ്റും പ്രസംഗങ്ങൾ വായിച്ച് അതെന്ത് മണ്ണാങ്കട്ടയാണെന്ന് അമ്പരക്കുന്ന ഗ്രാമീണരെ ശാസ്ത്രികൾ പഠിപ്പിക്കുന്നു: "റോഡു പണി റോഡു പണി എന്ന് പറയുന്നതാണല്ലോ ഗതാഗതം. ഗതാഗതം ഗതാഗതം എന്ന് പറയുന്നതാണല്ലോ പഞ്ചവത്സര പദ്ധതി."

320.954 VIK

റോഡുപണി സമം ഗതാഗതം, ഗതാഗതം സമം പഞ്ചവത്സര പദ്ധതിയെന്നോ ഏതു റോഡുപണിക്കായാലും ശരി അഞ്ചു വർഷം വേണമെന്നോ എന്തുമാകാം ഈ ഡയലോഗിൻെറ വിവക്ഷ. അതല്ല കാര്യം. പഞ്ചവൽസര പദ്ധതി അഥവാ വികസനം എന്നാൽ ആത്യന്തികമായി റോഡു പണിയാണെന്നാണ് ഈ കാഴ്ചപ്പാടിൻെറ അർത്ഥം. നാൽപതു വർഷം മുമ്പത്തെ ഒരു കേരളീയ ഗ്രാമീണൻെറ അബദ്ധ ധാരണയായി ഇന്ന് നാമതിനെ തള്ളിക്കളഞ്ഞാലും ഒരു വസ്തുത അവശേഷിക്കുന്നു. മലയാളിയെ സംബന്ധിച്ചേടത്തോളം വികസനമെന്നത്, അടിസ്ഥാനപരമായി റോഡ് വെട്ടലും പാലം നിർമ്മിക്കലുമാണ് ഇന്നും.

റോഡു വെട്ടുന്നതും പാലം പണിയുന്നതും മോശമാണെന്നോ അനാവശ്യമാണെന്നോ അല്ല സൂചന. അവയൊക്കെ അത്യാവശ്യംതന്നെ. എന്നാൽ പദ്ധതി പ്രവർത്തനങ്ങളെയാകെ അത്തരം കാര്യങ്ങളിലേക്ക് ചുരുക്കിയാലോ? അത് വികസനമാവില്ല. വികസനം എന്നത് ഒരു പ്രദേശത്തിൻെറ, സമൂഹത്തിൻെറ പൊതു പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനമാണ്. ആ പ്രദേശത്തെ ഉൽപാദന ശക്തികളെ കെട്ടഴിച്ചു വിടുകയും പ്രത്യുൽപാദനപരമായ മേഖലകളിൽ വളർച്ച കൈവരിക്കുകയും അതോടൊപ്പം ജനങ്ങളുടെ ജീവിത നിലവാരമുയർത്തുകയുമാണ് വികസനം. മറ്റു വാക്കുകളിൽ പറഞ്ഞാൽ വികസനത്തിന് മൂന്ന് ഘടകങ്ങളുണ്ട്. ഒന്ന്: ഉൽപാദന ശക്തികളെ കെട്ടഴിച്ചു വിടൽ; രണ്ട്: പ്രത്യുൽപാദനപരമായ മേഖലകളിലെ വളർച്ച; മൂന്ന്: ജനങ്ങളുടെ ജീവിത നിലവാരമുയർത്തൽ.

കേരളത്തിൻെറ ചരിത്രവും ഇന്നത്തെ അവസ്ഥയും പരിശോധിച്ചാൽ ഇവയിൽ ചില കാര്യങ്ങളിൽ നാം നേട്ടം കൈവരിച്ചിട്ടുണ്ടെന്നും എന്നാൽ മറ്റു ചില കാര്യങ്ങളിൽ നമ്മുടെ സ്ഥിതി അത്യന്തം ശോചനീയമാണെന്നും കാണാം. അവ എന്തൊക്കെയെന്ന് നമുക്കാദ്യമായി പരിശോധിക്കാം.

ആദ്യത്തേതിൻെറ കാര്യം തന്നെയെടുക്കുക. ഉൽപാദനശക്തികളെ കെട്ടഴിച്ചു വിടുന്ന കാര്യം. ഇന്ത്യപോലുള്ള ഒരു മൂന്നാം ലോകരാജ്യത്ത് മുഖ്യ ഉൽപാദനോപാധി ഭൂമിയാണ്. മണ്ണിൽ പണിയെടുത്തു കനകം വിളയിക്കുന്ന കൃഷിക്കാരനും കർഷകതൊഴിലാളികളുമാണ് മുഖ്യ ഉൽപാദന ശക്തികൾ. ആ ശക്തികളെ കെട്ടഴി

ച്ചു വിടുക എന്നതിനർത്ഥം അവരുടെ അവകാശങ്ങൾ അംഗീകരിക്കലും അവരുടെ നിലനിൽപ്പിനായുള്ള സാഹചര്യം ഒരുക്കലുമാണ്.

ഇക്കാര്യത്തിൽ ക്രിയാത്മക നടപടികൾ കൈക്കൊണ്ട ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. 1959 ലെ കമ്മ്യൂണിസ്റ്റ് ഗവൺമെൻറ് കൊണ്ടു വന്ന കർഷക ബന്ധബിൽ, 1969 ൽ അതിൻെറ തുടർച്ചയായി കൊണ്ടുവന്ന നിയമം എന്നിവയെല്ലാം മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയായി എന്നു മാത്രമല്ല, ഗ്രാമീണ കേരളത്തിൻെറ മുഖഛായ തന്നെ മാറ്റി. ഭൂമിയിൽ അവകാശം ലഭിച്ച കൃഷിക്കാരൻ തൊഴിൽ സുരക്ഷിതത്വവും വേതന ഭദ്രതയും ലഭിച്ച കർഷകതൊഴിലാളി- നമ്മുടെ ഗ്രാമങ്ങളിലെ ഉൽപാദക ശക്തികൾ അക്ഷരാർത്ഥത്തിൽത്തന്നെ ചങ്ങലകൾ വലിച്ചെറിഞ്ഞു. വികസനം എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യ ചുവടുവെപ്പായിരുന്നു ഇത്.

ഇതിൻെറ അനുബന്ധമായാണ് സമഗ്രവികസനമെന്ന കാഴ്ചപ്പാടോടെ മറ്റ് ഒട്ടനവധി നടപടികൾ കൈക്കൊള്ളപ്പെട്ടത്. 1957-59 ലെ കമ്മ്യൂണിസ്റ്റ് ഗവൺമെൻറും 1967-69ലെ ഐക്യമുന്നണി ഗവൺമെൻറും 1980-81 ലെയും 1987-91 ലെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറുകളും തുടക്കം കുറിച്ച അത്തരം പല നടപടികളും ഇടക്കാലത്ത് നിലനിന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള ഗവൺമെൻറുകൾക്കു പോലും ഉപേക്ഷിക്കാനായില്ല.

അതുകൊണ്ടെന്തു സംഭവിച്ചു? സവിശേഷമായ പല നേട്ടങ്ങളും നാം നേടിയെടുത്തു. സാമൂഹ്യ രംഗത്തെ പൊതു വളർച്ചയുടെ കാര്യത്തിൽ നാം ഇന്ത്യൻ ശരാശരിയേക്കാൾ മുന്നിലാണെന്ന് മാത്രമല്ല പല വികസിത മുതലാളിത്തരാജ്യങ്ങളോടും അടുത്തു നിൽക്കുന്നുണ്ട്. സാക്ഷരത, ജീവിത ദൈർഘ്യം, ശിശു മരണ ജനന നിരക്ക്, പൊതു വിതരണ സമ്പ്രദായം, ഗതാഗതം, സർക്കാർ മുൻകയ്യുള്ള പൊതുജനാരോഗ്യ - വിദ്യാഭ്യാസ സൗകര്യങ്ങൾ, പ്രാഥമിക തലം വരെയെത്തുന്ന ഹെൽത്ത് സെൻററുകൾ, വിപുലമായ ഗ്രന്ഥശാലാ പ്രസ്ഥാനം, ശുദ്ധജല ലഭ്യത, താരതമ്യേന മെച്ചപ്പെട്ടതും വിപുലവുമായ പാർപ്പിടസംവിധാനം എന്നിങ്ങനെ പല കാര്യങ്ങളിലും നാം അഭിമാനകരമാം വിധം ഉയർന്ന നിലയിലാ

ണ്. സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസപ്രായത്തിലുള്ള ഏതാണ്ട് മുഴുവൻ കുട്ടികളും സ്കൂളുകളിലെത്തുന്നുണ്ട്. കേരളം സമ്പൂർണ്ണ സാക്ഷരയായതു വികസ്വര രാജ്യങ്ങളുടെ മാത്രമല്ല, വികസിത രാജ്യങ്ങളുടെയും ഐക്യരാഷ്ട്ര സംഘടനകളുടെയും സവിശേഷ ശ്രദ്ധയാകർഷിച്ച സംഗതിയാണ്. ഉയർന്ന അവകാശ ബോധവും സുസംഘടിതമായ ജനകീയ പ്രസ്ഥാനവും മറ്റൊരു സവിശേഷതയാണ്.

| ജീവിത ഗുണമേന്മയുടെ സൂചികകൾ – ഒരു താരതമ്യം – 1986 | | | | |
|---|---|---|---|---|
| സൂചിക | കേരളം | ഇന്ത്യ | അൽപ വികസിത രാജ്യങ്ങൾ | അമേരിക്ക |
| സാക്ഷരത (ശതമാനം) | 91 | 52 | 56 | 96 |
| ജീവിതദൈർഘ്യം (വർഷം) | 70 | 56 | 61 | 75 |
| ശിശുമരണം (1000ന്) | 27 | 95 | 69 | 10 |
| ജനനനിരക്ക് | 2.3 | 4.2 | 3.9 | 1.9 |

സാമൂഹിക ക്ഷേമരംഗത്തുള്ള അഭിമാനകരമായ ഈ മുന്നേറ്റം ശൂന്യതയിൽ നിന്നും പൊട്ടി വീണതല്ല. ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉരുത്തിരിഞ്ഞുവന്ന സ്ഥിതിവിശേഷത്തിന് സ്വാതന്ത്ര്യ പൂർവ കാലത്തെ പോരാട്ടങ്ങളോളം വേരുണ്ട്. അതിൽ പ്രധാനം കേരളത്തിലെ വർഗ ബഹുജന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും ഇടതു പക്ഷ പ്രസ്ഥാനത്തിന്റെ പ്രത്യേകിച്ച് കമ്യൂണിസ്റ്റ് പാർടിയുടെ മുൻനിലയുമാണ്. സംസ്ഥാന രൂപീകരണത്തെത്തുടർന്ന് രൂപം കൊണ്ട കമ്യൂണിസ്റ്റ് ഗവൺമെൻറ് ആവിഷ്കരിച്ചു നടപ്പിലാക്കിയ സമഗ്രമായ ഭൂപരിഷ്കരണവും വിദ്യാഭ്യാസ പരിഷ്കാരങ്ങളും എല്ലാം ഒരു പുതിയ അവകാശബോധത്തിന്റെ ഉയർച്ചയും അംഗീകാരവും കൂടിയായിരുന്നു. തുടർന്നു വന്ന ഗവൺമെൻറുകൾക്കൊന്നിനും ഈ ഉയർന്ന അവകാശബോധത്തിന്റെയും സാമൂഹികക്ഷേമബോധത്തിന്റെയും സമ്മർദങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കാനായില്ല എന്നതാണ് പ്രധാന കാര്യം.

എന്നാൽ പ്രത്യുൽപാദനപരമായ മേഖലകളുടെ വളർച്ചയു

ടെ കാര്യം പരിശോധിക്കുമ്പോഴാണ് നമ്മുടെ നേട്ടങ്ങളെല്ലാം തന്നെ മണൽക്കോട്ടയാണെന്നു നാം കാണുന്നത്. സമ്പദ് ഘടനയുടെ നട്ടെല്ലായ കാർഷിക മേഖല മുരടിച്ചു നിൽക്കുന്നു. വ്യവസായമേഖലയാകട്ടെ പിറകോട്ടടിക്കുക പോലും ചെയ്യുന്നു. സാമൂഹ്യ മേഖലകളിലും പ്രതിസന്ധി പടർന്നു പിടിച്ചിരിക്കുന്നു.

നമുക്ക് കണക്കുകൾ നോക്കാം. 1970-71 ലെ വിലകളെ അടിസ്ഥാനമായി എടുത്താൽ ആ വർഷത്തെ ഇന്ത്യയുടെ പ്രതിശീർഷ ഉൽപാദനം 633 രൂപയായിരുന്നു. അത് ശരാശരിയാണ്. 1199 രൂപയുള്ള ദൽഹിയുടെയും 1070 രൂപയുള്ള പഞ്ചാബിൻെറയും 486 രൂപയ മാത്രമുള്ള യുപിയുടെയും 484 രൂപ മാത്രമുള്ള മദ്ധ്യപ്രദേശിൻെറയുമൊക്കെ ശരാശരി. അക്കൂട്ടത്തിൽ കേരളത്തിൻെറ നിൽപ് 11-ാം സ്ഥാനത്തായിരുന്നു. വെറും 594 രൂപ മാത്രം. അഖിലേന്ത്യാ ശരാശരിയേക്കാൾ 39 രൂപ കുറവായിരുന്നു ആ വർഷത്തെ നമ്മുടെ ഉൽപാദനം.

അതും കഴിഞ്ഞ് 15 വർഷം പൂർത്തിയായപ്പോഴോ? 1985-86 ൽ അഖിലേന്ത്യാ ശരാശരി 633 രൂപയിൽ നിന്ന് 798 രൂപയിലെത്തി. 26.69 ശതമാനത്തിൻെറ വർധന. എന്നാൽ കേരളത്തിലോ? നമ്മുടെ സംസ്ഥാനത്ത് അത് 594 രൂപയിൽ നിന്ന് നിരങ്ങിനിരങ്ങി 646 രൂപയിൽ മാത്രമാണെത്തിയത്. വർധന 8.75 ശതമാനം. ഇതേ കാലഘട്ടത്തിൽ തന്നെയാണ് 585 രൂപ മാത്രമുണ്ടായിരുന്ന ആന്ധ്ര 761 രൂപയിലേക്കും 877 രൂപയുണ്ടായിരുന്ന ഹരിയാന 1229 രൂപയിലേക്കും 783 രൂപയുണ്ടായിരുന്ന മഹാരാഷ്ട്ര 1042 രൂപയിലേക്കും കുതിച്ചതെന്നോർക്കണം. 1970-71 ൽ നമ്മുടെ സ്ഥാനം പതിനൊന്നാമത്തേതായിരുന്നെങ്കിൽ 1985-86 ൽ അത് പതിനാറാമത്തേതായി താണു. സാക്ഷരതയിലും ആരോഗ്യ പരിപാലനത്തിലും മറ്റ് ഒട്ടനവധി കാര്യങ്ങളിലും മുൻപന്തിയിലായ കേരളം ഉൽപാദന മേഖലകളിലെല്ലാം തന്നെ പിറകോട്ട് പോയി!

ഈ പ്രതിസന്ധിയുടെ ദൂരവ്യാപകമായ ഫലം മുൻകൂട്ടി കണ്ടതുകൊണ്ടാണ് 1987-91 ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് ഉൽപാദന മേഖലകളെ ജീവത്താക്കാൻ പരിശ്രമിച്ചത്. കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രൂപ്പ് ഫാമിങ്ങും മറ്റൊട്ടനവധി നടപടികളും, വ്യവസായികൾക്ക് ആനുകൂല്യങ്ങൾ, വ്യാപാരം സംസ്ഥാനത്തു തന്നെ നിലനിർത്തുന്നതിനായു-

ള്ള നികുതി ഘടനാ പരിഷ്കാരം എന്നിങ്ങനെ ഒട്ടനവധി ഘടകങ്ങൾ ആ നയത്തിൽ ഉൾപ്പെട്ടിരുന്നു. അതിൻെറ എല്ലാം ഫലമായി കേരളത്തിൻെറ സമ്പദ് ഘടനയിലാകെത്തന്നെ ചലനമുണ്ടായി. വയലുകളും പറമ്പുകളും വ്യവസായ ശാലകളും വ്യാപാര കേന്ദ്രങ്ങളുമാകെ ചലനാത്മകമായി. കേരളം ചെറിയതോതിലെങ്കിലും മുരടിപ്പിൽനിന്ന് വിമുക്തമായി.

ധനമന്ത്രി പത്മരാജൻ 1995 ലെ ബജറ്റ് രേഖകളോടൊപ്പം നിയമസഭയിൽ സമർപ്പിച്ച സംസ്ഥാന ആസൂത്രണ ബോർഡിൻെറ "സാമ്പത്തികാവലോകനം" ഇക്കാര്യം പറയുന്നുണ്ട്. എൽ ഡി എഫ് ഗവൺമെൻറ് അധികാരമേറ്റെടുക്കുന്നത് 1987 മാർച്ചിലാണല്ലോ. മുൻ യു ഡി എഫ് ഗവൺമെൻറിൻെറ അന്ത്യവർഷമായ 1986-87 ൽ കേരളത്തിലെ പ്രതിശീർഷ വരുമാനം 1453 രൂപ (1980-81 ലെ വില നിലവാരത്തിൽ ) ആയിരുന്നുവെന്നാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നാലു വർഷത്തെ എൽ ഡി എഫ് ഭരണത്തെ തുടർന്ന് 1990-91 ൽ പ്രതിശീർഷ ഉൽപാദനം 1815 രൂപയായി ഉയർന്നു. അതായത് 24.9 ശതമാനത്തിൻെറ വളർച്ച. എന്നാൽ കരുണാകരൻെറ നേതൃത്വത്തിലുള്ള യു ഡി എഫ് ഗവൺമെൻറ് അധികാരത്തിലേറിയതോടെ മുരടിപ്പ് വീണ്ടും പ്രത്യക്ഷപ്പെട്ടു. 1993-94 വരെയുള്ള കണക്കാണ് "സാമ്പത്തികാവലോകന" ത്തിൽ കൊടുത്തിരിക്കുന്നത്. അതനുസരിച്ച് ആ വർഷത്തെ പ്രതിശീർഷ ഉൽപാദനം 1968 രൂപ മാത്രമാണ്. 1990 - 91 ൽ നിന്നുള്ള വർധന 153 രൂപമാത്രം. അതായത് 8.42 ശതമാനം.

ദീർഘകാല ലക്ഷ്യങ്ങളോടെ സ്ഥായിയായ വികസനത്തിനുതകുന്ന നയങ്ങൾ ആവിഷ്ക്കരിച്ചതുകൊണ്ടാണ് എൽഡിഎഫിന് ഈ നേട്ടം കൈവരിയ്ക്കാനായത്. അതേസമയം ഭരണമെന്നാൽ കൊള്ള നടത്തുന്നതിനുള്ള ഒരവസരം മാത്രമായി കാണുന്ന കോൺഗ്രസ് ഐ നേതൃത്വത്തിലുള്ള യുഡിഎഫ് ആകട്ടെ കേരളത്തെയാകെ പ്രതിസന്ധിയിലാഴ്ത്തുകയാണ് ചെയ്തിരിക്കുന്നത്.

കുറ്റകരമായ അനാസ്ഥ കേരളത്തിലെ ഭരണമുന്നിയുടെ മാത്രം കുത്തകയല്ല. അവരുടെ യജമാനന്മാരായ കേന്ദ്ര ഭരണാധികാരികൾക്കും ഇതിൽ തുല്യ പങ്കുണ്ട്. കേരളത്തിൻെറ വികസനത്തിന് അത്യാവശ്യമായ പദ്ധതികൾ അംഗീകരിക്കാതിരിക്കുക,

പണം നൽകാതിരിക്കുക, ഇവിടെയുള്ള സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ പ്രേരണ നൽകുക എന്നിത്യാദി ഒട്ടേറെ കാര്യങ്ങൾ അവരും ചെയ്യുന്നു. അതുകൊണ്ടുകൂടിയാണ് ഇന്നിപ്പോൾ പ്രതിസന്ധി ഇത്രയും രൂക്ഷമായിരിക്കുന്നത്.

നമുക്ക് ഒന്നൊന്നായി പരിശോധിക്കാം. ആദ്യം കേന്ദ്ര പൊതുമേഖലാ നിക്ഷേപത്തിൻെറ കാര്യംതന്നെയാകട്ടെ.

വ്യവസായവൽക്കരണത്തിൻെറ കാര്യത്തിൽ കേരളം പണ്ടുതന്നെ പിറകിലാണ്. ആഭ്യന്തരമായുള്ള മൂലധന സ്വരൂപണത്തിൻെറ അപര്യാപ്തതമൂലം കേരളത്തിൻെറ വ്യവസായവൽക്കരണത്തിന് പൊതുമേഖലാ നിക്ഷേപം അനുപേക്ഷണീയ ഘടകമാകുന്നു. ഏറെ പ്രക്ഷോഭങ്ങളുടെ ഫലമായാണ് മൊത്തം കേന്ദ്രനിക്ഷേപത്തിൽ അർഹമായൊരു പങ്ക് നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞത്. എങ്കിൽപ്പോലും അത് അപര്യാപ്തമായിരുന്നു. 1975-വരെ ഇന്ത്യയിലൊട്ടാകെയായി 6242 കോടി രൂപയാണ് കേന്ദ്രഗവർമെണ്ട് വ്യവസായങ്ങളിൽ നിക്ഷേപിച്ചതെങ്കിൽ കേരളത്തിലെ കേന്ദ്ര മുതൽമുടക്ക് 202 കോടി രൂപയായിരുന്നു. 3.2 ശതമാനം. എന്നാൽ 1980 കളിലും 90 കളിലുമായപ്പോൾ ഇതിൽ വമ്പിച്ച ഇടിവ് സംഭവിച്ചു. 1985 ആയപ്പോഴേക്ക് നമ്മുടെ വിഹിതം അഖിലേന്ത്യാ നിക്ഷേപത്തിൻെറ 1.8 ശതമാനമായി കുറഞ്ഞു. 1993 ലാകട്ടെ അത് വീണ്ടും കുറഞ്ഞ് 1.3 ശതമാനത്തിലെത്തി. 1993 മാർച്ചിലെ കണക്കനുസരിച്ച് മൊത്തം കേന്ദ്രമേഖലാ നിക്ഷേപം 1,73,501 കോടി രൂപയാണ്; കേരളത്തിൻെറ വിഹിതം വെറും 2275 കോടി രൂപയും. കേന്ദ്ര പൊതുമേഖലാ നിക്ഷേപത്തിശൻെറ അമ്പതു ശതമാനത്തിലേറെ അഞ്ച് സംസ്ഥാനങ്ങളിലാണ്. മഹാരാഷ്ട്ര, ആന്ധ്ര, മധ്യപ്രദേശ്, യു പി, ബീഹാർ എന്നിവിടങ്ങളിൽ. ജനസംഖ്യയുടെ എട്ടു ശതമാനത്തോളമേ മഹാരാഷ്ട്രയിലുള്ളൂവെങ്കിലും കേന്ദ്ര പൊതുമേഖലാ നിക്ഷേപത്തിൻെറ 16 ശതമാനം അവിടെയാണെന്നോർക്കണം. കേരളത്തിൻെറ വികസനകാര്യത്തിൽ കേന്ദ്രം അവലംബിക്കുന്ന കടുത്ത വിവേചനമാണ് ഇത് സൂചിപ്പിക്കുന്നത്.

ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽരഹിതരുടെ എണ്ണം നാലുകോടിയിൽ താഴെയാണ്. അതിൽ 40 ലക്ഷവും കേരളത്തിൽ. അതായത് 10 ശതമാനം. തൊഴിലില്ലായ്മ പരിഹരി

ക്കാൻ പൊതുമേഖലാ വിഹിതത്തിൽ 10 ശതമാനം നാം അർഹരാണ്.

കേരളം നേടിക്കൊടുക്കുന്ന വിദേശനാണ്യം ഇന്ത്യക്കാകെ ഗുണം ചെയ്യുന്നുണ്ട്. ഇന്ത്യൻ ഭൂവിസ്തൃതിയുടെ 1.18 ശതമാനം മാത്രം വരുന്ന കേരളം മൊത്തം വിദേശനാണ്യവിഹിതത്തിൽ വാണിജ്യവിളകളുടെ കയറ്റുമതിയിലൂടെ ആറു ശതമാനത്തിലേറെ സംഭാവന ചെയ്യുന്നു. വിദേശ മലയാളികളുടെ വിഹിതം വേറെ. ഓരോ വർഷവും നൂറുകണക്കിനു കോടിയുടെ വിദേശനാണ്യം ഇങ്ങനെയും ലഭിക്കുന്നുണ്ട്.

കേരളത്തിൻെറ വ്യവസായ വികസനത്തിന് ഏറ്റവും പെട്ടെന്ന് പരിഹാരം കാണേണ്ട പ്രശ്നമാണ് ഊർജപ്രതിസന്ധി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകൾ കേരളത്തിൽ അധികാരത്തിലിരുന്ന അവസരങ്ങളിൽ മാത്രമാണ് ഈ നിലയ്ക്കുള്ള പ്രവർത്തനം നടത്തിയത്. 1980-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അനുമതിക്കായി കേന്ദ്രത്തിനു മുന്നിൽ സമർപ്പിച്ച പദ്ധതിയായിരുന്നു സൈലൻറ്വാലി. ഏറ്റവും കുറഞ്ഞചെലവിൽ കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാമായിരുന്ന പദ്ധതിയായിരുന്നു അത്. അന്ന് പരിസ്ഥിതി പ്രശ്നത്തിൻെറ പേരിൽ അതിനനുമതി ലഭിച്ചില്ല. എന്നാൽ സൈലൻറ്വാലി പദ്ധതി നിഷേധിച്ച സന്ദർഭത്തിൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി അതിനു പകരമായി നമുക്ക് വാഗ്ദാനം നൽകിയതായിരുന്നു പൂയംകുട്ടി ജലവൈദ്യുതപദ്ധതി. ഇപ്പോൾ പൂയംകുട്ടി പദ്ധതിക്കും കേന്ദ്രസർക്കാർ അനുമതി നിഷേധിച്ചു. 1987-ൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വരുന്നതുവരെ അഞ്ചു വർഷവും സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനപദ്ധതികൾക്കായി ഒരു പരിശ്രമവും നടന്നിരുന്നില്ല. '87-ൽ അധികാരത്തിൽവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സംസ്ഥാനത്തിൻെറ ഊർജ പ്രതിസന്ധിക്കു പരിഹാരം കാണുന്നതിനുള്ള പദ്ധതികൾക്ക് വീണ്ടും കേന്ദ്രാനുമതിക്കപേക്ഷിച്ചു. ഇത്തവണ രണ്ട് താപോർജ്ജ നിലയങ്ങൾക്കായിരുന്നു അപേക്ഷ. കായംകുളത്തും തൃക്കരിപ്പൂരിലും. കായംകുളം താപോർജനിലയത്തിനുവേണ്ട പ്രാഥമിക പ്രവർത്തനങ്ങൾക്ക് അഞ്ചുകോടി രൂപ ചെലവിടുകയുണ്ടായി. ഇപ്പോഴും ഈ രണ്ടു പദ്ധതികൾക്കും കേന്ദ്രാനുമ

തി ലഭ്യമായിട്ടില്ല. വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി കേരളം സമർപ്പിച്ച ഒരു പദ്ധതിക്കുപോലും കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനിടയിൽ കേന്ദ്രം അനുമതി നൽകിയില്ല. വൈദ്യുതിയില്ലാത്ത സംസ്ഥാനത്തെങ്ങനെയാണ് വ്യാവസായിക വികസനം സാധ്യമാവുക? സ്വകാര്യ മുതലാളിമാരും കേരളത്തിൽ വ്യവസായമേഖലയിൽ മൂലധനം മുടക്കാൻ തയ്യാറാവാത്തതിനു കാരണം നമ്മുടെ സംസ്ഥാനത്തെ വൈദ്യുതിക്കമ്മിയാണ്. കാർഷികാവശ്യത്തിനുപയോഗിക്കുന്ന വൈദ്യുതിക്ക് ഇന്ത്യയിൽ ഏറ്റവും ചാർജു കൊടുക്കേണ്ട സംസ്ഥാനം കേരളമാണ്. അതിനാൽ നമ്മുടെ കാർഷികച്ചെലവു കൂടുകയും കാർഷികമേഖല തകരുകയും ചെയ്യുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുകയും എല്ലാ ജലവൈദ്യുത പദ്ധതികളുടെയും റിസർവോയർ നിറഞ്ഞുകിടക്കുകയും ചെയ്യുന്ന സന്ദർഭത്തിലും കേരളത്തിൽ 'പവർകട്ട്' ഏർപ്പെടുത്തേണ്ടിവരുന്നു. ഊർജ പ്രതിസന്ധിക്ക് ഉടനടി പരിഹാരം കാണാൻ കഴിഞ്ഞില്ലെങ്കിൽ വളരെ സമീപഭാവിയിൽതന്നെ നമ്മുടെ സംസ്ഥാനം ഇരുട്ടിലാവും. ഇത്ര ഗുരുതരമായ പ്രതിസന്ധിയെ നേരിടുമ്പോഴും കേരളത്തിൻെറ വൈദ്യുതി ഉൽപ്പാദനപദ്ധതികൾ മുഴുവൻ കേന്ദ്രം അന്യായമായി നിഷേധിക്കുകയാണ്.

റെയിൽവെ നമ്മുടെ സംസ്ഥാനത്തോടെടുക്കുന്ന അവഗണന അസഹനീയമായിരിക്കുന്നു. സ്വാതന്ത്ര്യാനന്തര കാലത്ത് ഏറ്റവും കുറഞ്ഞ റെയിൽവേ വികസനമുണ്ടായിട്ടുള്ള സംസ്ഥാനം ഇന്ത്യയിൽ കേരളമാണ്. ഇന്ത്യയിൽ ശരാശരി ഒരു ലക്ഷം പേർക്ക് പത്ത് കിലോമീറ്റർ വീതം റെയിൽപ്പാതയുള്ളപ്പോൾ കേരളത്തിൽ ഒരുലക്ഷം പേർക്ക് മൂന്നു കിലോമീറ്റർ റെയിൽപ്പാതയാണുള്ളത്. എന്നാൽ ചരക്കുകടത്തിനും യാത്രക്കും തീവണ്ടിയെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സംസ്ഥാനം കേരളമാണ്. നാം എത്ര, ഏതെല്ലാം രൂപത്തിൽ ആവശ്യപ്പെട്ടിട്ടും അത്യാവശ്യത്തിനുള്ള തീവണ്ടികൾപോലും കേരളത്തിനനുവദിക്കുന്നില്ല. കേരളത്തിനു വാഗ്ദാനം നൽകിയതും ഇവിടെ ഓടിക്കൊണ്ടിരിക്കുന്നതുമായ പല വണ്ടികളും ഇല്ലാതാവുകയാണുണ്ടായത്. ഇന്ത്യയിൽ റെയിൽവേക്ക് വമ്പിച്ച ആദായം ലഭിക്കുന്ന കേരളത്തിൽ ചെറിയ വ്യവസായത്തിനുപോലും മുതൽമുടക്കാൻ റെയിൽവേ തയ്യാറാകുന്നില്ല. ഒരു ഘട്ടത്തിൽ കേരളത്തിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച കോച്ച്

ഫാക്ടറി കേരളത്തിനു ലഭിച്ചില്ല. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളുടെ ചിരകാല ആവശ്യമായിരുന്നു കൊങ്കൺ റെയിൽവേ. കേന്ദ്രത്തിൽ വി പി സിങ്ങ് സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് അതിൻെറ പ്രവർത്തനമാരംഭിച്ചത്. നമ്മുടെ സംസ്ഥാന സർക്കാർ 32 കോടി രൂപ കൊങ്കൺ റെയിൽവെക്ക് മൂലധനമായി നൽകുകയുണ്ടായി. എന്നാൽ കൊങ്കൺ റെയിൽവെ പൂർത്തിയായാലും കേരളത്തിന് അതിൻെറ ഗുണം ലഭ്യമാവണമെങ്കിൽ മംഗലാപുരം-ഷൊർണ്ണൂർ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കണം. കേരളത്തിൻെറ ഈ ആവശ്യം പരിഗണിക്കാൻ കേന്ദ്രം തയ്യാറാവുന്നില്ല.

കൊച്ചി തുറമുഖ വികസനത്തിനായുള്ള കേരളത്തിൻെറ ആവശ്യവും കേന്ദ്രം പരിഗണിക്കുന്നില്ല. കൊച്ചി തുറമുഖത്ത് കണ്ടയ്നർ സ്ഥാപിക്കാൻ കേന്ദ്രം തയ്യാറാവാത്തതിൻെറ ഫലമായി കയറ്റുമതിച്ചരക്കുകളുടെ വിപണനകേന്ദ്രം കൊച്ചിയിൽനിന്നു നഷ്ടപ്പെട്ടു.

ബാങ്കിംഗ്രംഗത്തും കേരളത്തോട് കടുത്ത അവഗണനയാണ് നിലനിൽക്കുന്നത്. പുതിയ നയം ആരംഭിച്ചതിനുശേഷം ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം ഗണ്യമായി കുറഞ്ഞിരിക്കുന്നു. 1991-വരെ നിക്ഷേപത്തിൻെറ 60 ശതമാനത്തോളം ഇവിടെ വായ്പയായി കൊടുത്തിരുന്നു. പുതിയ നയം നടപ്പിലാക്കിത്തുടങ്ങിയപ്പോൾ അത് കുത്തനെ കുറഞ്ഞു. 1995 മാർച്ചിൽ 44 ശതമാനമായിരിക്കുന്നു. യഥാർഥ സംഖ്യയിൽ ഇത് 3000 കോടി രൂപയിലധികം വരും. 1990-ൽ മൊത്ത നിക്ഷേപത്തിൻെറ 33 ശതമാനത്തിൽ അധികം ദുർബ്ബല വിഭാഗങ്ങൾക്ക് മുൻഗണനാ വായ്പ നൽകിയിരുന്നു. 1995-ൽ ഇത് 19 ശതമാനമായി കുറഞ്ഞു. അതായത് കേരളത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് ലഭിക്കേണ്ട വായ്പയിൽ ഏതാണ്ട് 3000 കോടി രൂപയുടെ കുറവ് സംഭവിച്ചിരിക്കുന്നു എന്നു കാണാം. ഇതിൻെറയെല്ലാം പ്രായോഗിക ഫലങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. അത് പൂർണ്ണതയിലെത്തുമ്പോഴേക്കും കേരളത്തിൻെറ തൊഴിൽമേഖലയാകെ അതിരൂക്ഷമായ സ്ഫോടക സ്ഥിതിയിലാകും.

പുതിയ നയങ്ങളുടെ സഹായത്തോടെ കേരളം വ്യവസായരംഗത്ത് ഒരു കുതിച്ചുചാട്ടം നടത്താൻ പോകുന്നു എന്ന് അതിൻെറ പ്രണേതാക്കളും കുത്തകപത്രങ്ങളും പ്രചരിപ്പിച്ചു. എന്നാൽ അുന

ഭവം വ്യത്യസ്തമാണെന്ന് കണക്കുകൾ പരിശോധിച്ചാൽ കാണാം. കേന്ദ്ര മുതൽമുടക്കുപോലെ തന്നെ സ്വകാര്യ മൂലധനത്തിൻെറ കാര്യത്തിലും കേരളം പിന്നിലായിരുന്നു. ഐഡിബിഐ, ഐഎഫ്സിഐ തുടങ്ങിയ സാമ്പത്തിക സ്ഥാപനങ്ങൾ വഴി വ്യവസായമേഖലയിൽ 1991 വരെ മുടക്കിയിട്ടുള്ളതിൻെറ രണ്ടര ശതമാനം മാത്രമായിരുന്നു കേരളത്തിനു കിട്ടിയ വിഹിതം. പുത്തൻ നയങ്ങളുടെ ഫലമായി ഈ പങ്ക് അതിവേഗം കുറഞ്ഞുവരികയാണ്. പ്ലാനിങ്ങ് ബോർഡിൻെറ കണക്കുപ്രകാരം 1991-92ൽ അഖിലേന്ത്യാ തലത്തിൽ ഈ സ്ഥാപനങ്ങൾ ശരാശരി ഒരാൾക്ക് 145 രൂപയും 1992-93-ൽ 198 രൂപയും മുടക്കി. കേരളത്തിലെ മുതൽമുടക്ക് ജനസംഖ്യാനുപാതികമായി നോക്കിയാൽ ഇതിൻെറ പകുതിപോലും എത്തിയില്ല. കേരളത്തിൽ ഇത് യഥാക്രമം 52 രൂപയും 56 രൂപയുമാണ്. ദേശീയ ആസൂത്രണത്തിൻെറ അഭാവത്തിൽ മുതൽമുടക്കിൻെറ സിംഹഭാഗവും മഹാരാഷ്ട്ര, ഗുജറാത്ത്, ഉത്തർപ്രദേശ്, തമിഴ്നാട് തുടങ്ങിയ വികസിത സംസ്ഥാനങ്ങൾ പിടിച്ചെടുക്കുന്നു. കേരളംപോലുള്ള പിന്നോക്ക സംസ്ഥാനങ്ങൾ പൂർവ്വാധികം ശക്തിയോടെ പിന്തള്ളപ്പെടുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ നിക്ഷേപങ്ങളും ഇപ്പോൾ വൻതോതിൽ പുറത്തേക്ക് പോകാൻ തുടങ്ങിയിരിക്കുന്നു. പുതിയ നയം ബാങ്കിങ്ങ് രംഗത്തു വരുത്തുന്ന മാറ്റങ്ങൾ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന തരത്തിലാണ്.

കേരളത്തിൽ വിമാനത്താവളങ്ങളുടെ സ്ഥിതി ഉപരിപ്ലവമായ കമ്പോള പരിഷ്ക്കരണ വാദത്തിൻെറ പൊള്ളത്തരം വെളിവാക്കുന്നു. കൊച്ചി നഗരത്തെ കേരളത്തിൻെറ "ഗേറ്റ്‌വേ" എന്നു കണ്ടുകൊണ്ട് ആ നഗരത്തിൽ എല്ലാ സൗകര്യങ്ങളും ഉള്ള ഒരു വിമാനത്താവളം സ്ഥാപിക്കേണ്ടതുണ്ട്. മറ്റു പട്ടണങ്ങളിലെന്നപോലെ കേന്ദ്ര സർക്കാരിൻെറ വിമാനത്താവള അതോറിറ്റിയാണ് ഇതു ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഈ വിധത്തിലുള്ള ആസൂത്രണവും മറ്റും കമ്പോള പരിഷ്ക്കരണത്തിൻെറ പേരിൽ മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ കുത്തകപ്പത്രങ്ങൾ ഏറ്റെടുത്തതോടുകൂടി ഇതു സാദ്ധ്യമല്ലാതായി. ഇന്ത്യയുടെ വാണിജ്യ തലസ്ഥാനമായ ബോംബെനഗരംപോലും പരീക്ഷിക്കുവാൻ ധൈര്യപ്പെടാത്ത ലാഭ ലക്ഷ്യത്തോടെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന വിമാന

J1037



ത്താവളം എന്ന വയ്യാവേലി ഈ കൂട്ടർ കേരളത്തിൻെറമേൽ കെട്ടിവച്ചിരിക്കുകയാണ്. കൊച്ചിയിലെ മാത്രമല്ല കോഴിക്കോട്ടേയും തിരുവനന്തപുരത്തേയും വിമാനത്താവള വികസനം ഇതുമൂലം അവതാളത്തിലായിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഏതു രംഗത്തായാലും കേരളം പ്രതിസന്ധിയെ നേരിടുന്നു. ഈ സംസ്ഥാനം ഭരിക്കുന്ന യുഡിഎഫിനെ സംബന്ധിച്ചിടത്തോളം അവയൊന്നും ഒരു പ്രശ്നമേ അല്ല. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ അനുഭവം അതാണ് കാണിക്കുന്നത്.

പല കാര്യങ്ങളിലും ജനകീയപ്പോരാട്ടങ്ങളുടെ ഫലമായി നാം നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് ആരംഭത്തിൽ സൂചിപ്പിച്ചു.

ഒരു വികസിത സമൂഹത്തിൻെറ മാനദണ്ഡങ്ങൾക്കനുസരിച്ച് കേരളീയ സമൂഹത്തിൻെറ ഈ മുൻനില ഇന്നത്തെ നില തുടർന്നാൽ നമുക്കു നിലനിർത്താനാകുമോ? ഗൗരവമേറിയ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തിയേ തീരൂ. തുടർന്ന് നിലനിർത്താനാവാത്ത ഒരു പ്രതിസന്ധിയിലാണ് കേരളമിന്ന്. നമ്മുടെ സമൂഹത്തിൻെറ വളർച്ച മുരടിച്ചിരിക്കുകയാണ്. ഭീകരമായ ഒരു സ്തംഭനാവസ്ഥയിലാണ് നാം. അതിൽനിന്ന് പുറത്തുകടക്കണമെങ്കിൽ ഐശ്വര്യ സമ്പൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കണമെങ്കിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണി മുൻകൈ ഭരണരംഗത്ത് വേണമെന്നതാണ് വസ്തുത. ആ തിരിച്ചറിവിനുള്ള അവസരമാകട്ടെ ഈ വരുന്ന തെരഞ്ഞെടുപ്പ്.

തിരുവനന്തപുരം

26-01-1996

അച്ചടി പി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിങ്ങ് &
പബ്ലിഷിംഗ് കമ്പനി (പ്രൈ) ലിമിറ്റഡ്, തിരുവനന്തപുരം.

# വികസനം വഴിമുട്ടിയ കേരളം

320.954
VIK

സി.പി.ഐ.(എം) കേരള സംസ്ഥാനകമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 0.75 രൂപ